# വിതക്കാരന്റെ ഉപമ

**ഏലിയ-സ്ലീവ-മൂശാക്കാലം രണ്ടാം ഞായർ**

**മത്തായി 13:1-9, 18-23**
സെപ്തംബർ 5

**Homily by Fr. Sony Manjaly.**
**Fr. Manjaly can be reached at** sonymanjaly@gmail.com

2010 ഓഗസ്റ്റ് 19-മുതൽ 22-വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് -ൽ നടന്ന സീറോ-മലബാർ അസംബ്ളിയിൽ താമരശ്ശേരി ക്കാരൻ തോമസ് വെട്ടത്ത് പങ്കെടുത്തിരുന്നു. (ദീപിക, ഓഗസ്റ്റ്21, ശനി 2010). വിശ്വാസവും, കാർഷികവൃത്തിയും ഒരുമിച്ചുകൊണ്ടുപോകുന്ന തോമസ് ചേട്ടൻ വ്യത്യസ്തമായ കൃഷിരീതികളിലൂടെ കർഷകർക്കും, കൃഷിയെ സ്നേഹിക്കുന്നവർക്കും മാതൃകയാവുകയാണ്. കർഷകരുടെ ഒരു പ്രതിനിധി എന്ന നിലയിലാണ് അദ്ദേഹം അസംബ്ളിയിൽ പങ്കെടു ത്തത്. മണ്ണിന്റെ നന്മയും, വിശുദ്ധിയും തിരിച്ചറിഞ്ഞ് കൃഷിയിലേക്കിറ ങ്ങിയ തനിക്ക് കാർഷികവൃത്തിയിലെന്നപോലെ വിശ്വാസജീവിത ത്തിലും കാറ്റും കോളും ഉണ്ടാകുമ്പോൾ അടിയുറച്ച് നിൽക്കാൻ കഴി യുന്നുണ്ടെന്ന് തോമസ് ചേട്ടൻ സാക്ഷ്യപ്പെടുത്തുന്നു. തോമസ് ചേട്ടൻ തന്റെ ജീവിതത്തിലൂടെ ബന്ധുക്കൾക്കും, സുഹൃത്തുക്കൾക്കും മാത്ര മല്ല സമീപിക്കുന്ന എല്ലാവർക്കും പ്രചോദനം നല്കുന്നു. 'കർഷകശ്രീ അവാർഡ് നേടിയ അദ്ദേഹം ക്രിസ്തുവിന് ധീര സാക്ഷ്യം നൽകാൻ എപ്പോഴും തയ്യാറാണെന്ന് ഉറപ്പാക്കുന്നു.

കൃഷിചെയ്യുന്നവർക്കറിയാം വിത്ത് വിതയ്ക്കുന്നതിനു മുമ്പ് നട ത്തേണ്ട ഒരുക്കങ്ങളെക്കുറിച്ച്. കർഷകൻ ആദ്യമേ പാടം കിളച്ച് ഉഴുത് മറിക്കും. പായലും മറ്റ് കളകളും നീക്കം ചെയ്യും. വിത്ത് വിതക്കാൻ പറ്റുന്ന വിധത്തിൽ വെള്ളം വറ്റിച്ചെടുക്കും ...... ഇങ്ങനെ പോകുന്നു കൃഷിക്കാരന്റെ ഒരുക്കങ്ങൾ. തന്റെ ഊണിലും ഉറക്കത്തിലും കൃഷി സ്ഥലത്തെയും വിത്തിനെയുംക്കുറിച്ചുള്ള ചിന്തകൾ മാത്രം. വിത്ത് വിതച്ചാൽ പിന്നെ അത് വളരുന്നതും നോക്കിയുള്ള പരിപാലനകൾ.

ഇതുപോലെ കർഷകന്റെ മനസ്സുള്ള ദൈവത്തെയാണ് വിതക്കാ രന്റെ ഉപമയിൽ നാം കാണുന്നത്. മണ്ണിനെ സ്നേഹിക്കുന്ന, മണ്ണിന്റെ ഫലവും കാത്തിരിക്കുന്ന കർഷകനെപ്പോലെ മനുഷ്യഹൃദയങ്ങളിൽ വചനം വിതച്ച് നിറഫലങ്ങളുടെ കൊയ്ത്തും പ്രതീക്ഷിച്ച് കാത്തിരി ക്കുകയാണ് ദൈവം.

കർഷകൻ വിത്ത് വിതയ്ക്കാൻ കൃഷിസ്ഥലം ഒരുക്കുന്നതുപോലെ നാം ഓരോരുത്തരുടെയും ഹൃദയം ഒരുക്കേണ്ടതുണ്ട്. എത്രമാത്രം നിതാന്തമായ ആഗ്രഹവും, പരിശ്രമവുമാണ് കർഷകൻ കാണിക്കുന്നത്. നമ്മുടെ വിശ്വാസജീവിതത്തിലും, വചനമാകുന്ന ക്രിസ്തുവിനെ സ്വീകരിക്കാനും, പ്രഘോഷിക്കാനും നാം നൽകേണ്ട വിലയും ഈ നിതാന്ത ജാഗ്രതയുടേതാണ്.

കർഷകന് എല്ലായ്പ്പോഴും നൂറുമേനി വിളവ് ലഭിക്കാറില്ല. ചിലപ്പോൾ പ്രകൃതി ദുരന്തങ്ങളും, വെള്ളപ്പൊക്കവും കൃഷിയെ നശിപ്പിക്കാറുണ്ട്. എങ്കിലും കർഷകൻ പ്രത്യാശ കൈവിടാതെ തന്റെ കൃഷി തുടർന്നുകൊണ്ടുപോകുന്നു. നമ്മുടെ ജീവിതത്തെ സംബന്ധിച്ചും ഇത് സത്യമാണ്. നമ്മുടെ പരിമിതികളിൽ നിന്നുകൊണ്ട് പരമാവധി നന്മകൾ ചെയ്യാൻ ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ബലഹീനതകൾ,കുറവുകൾ, രോഗങ്ങൾ ഒക്കെ നമ്മെ വീഴ്ത്താറുണ്ട്. വീഴ്ചകളുണ്ടാവുക സ്വാഭാവികവുമാണ്. എന്നാൽ ആ വീഴ്ചയുടെ പടുകുഴികളിൽപ്പെട്ട് തകർന്നുപോകാതെ, അവിടെ നിന്ന് നാം ഉയിർത്തെഴുന്നേൽക്കണം.

*നാം വീഴുമ്പോൾ ഒരു വിത്ത് പോലെയാണ് വീഴേണ്ടത്.* കാരണം ഒരു വിത്ത് മണ്ണിൽ വീണ് നശിച്ചുപോവുകയല്ല ചെയ്യുന്നത്. മറിച്ച് പുതുജീവൻ പ്രാപിച്ച് പുതിയ വൃക്ഷമായും, ചെടിയായും വളർന്ന് പലമേനി ഫലങ്ങൾ പുറപ്പെടുവിക്കുന്നു. പക്ഷേ അനിവാര്യമായ സഹനത്തെക്കുറിച്ചും ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് തന്നെയാണല്ലേ വിശുദ്ധ കൊച്ചുത്രേസ്യായുടെയും, വിശുദ്ധ അൽഫോൻസമ്മയുടെയും സഹനങ്ങളെ ഗോതമ്പുമണിയോട് ഉപമിക്കുന്നത് (യോഹ 12, 24).

സാഹിത്യകാരനായ കാക്കനാടൻ 'മഴനിഴൽപ്രദേശം' എന്ന പുസ്തകത്തിൽ എഴുതുന്നു. *മഴയ്ക്ക് നിഴലുകളുണ്ട്. മഴയുള്ള സ്ഥലത്തെ മണ്ണ് വളരെ ഫലഭൂയിഷ്ടമായിരിക്കും. നല്ല വിള ഉണ്ടാകും. മഴയില്ലാത്തിടങ്ങളിൽ നല്ല വിളകൾ ഉണ്ടാകുന്നില്ല. അവിടെ വെറും തരിശു നിലങ്ങളേ കാണൂ. പക്ഷേ ആ പാഴ്ഭൂമികളിൽ ധാതുസമ്പത്തുണ്ടാകും. ഇതു രണ്ടുമല്ലാത്ത സ്ഥലമുണ്ട്. അതാണ് മഴനിഴൽ പ്രദേശം.*

നമ്മുടെ ഹൃദയങ്ങൾ മഴനിഴൽപ്രദേശങ്ങളായി മാറാതെ നാം ജാഗ്രതയോടെയായിരിക്കണം. നമ്മിലെ നന്മയും, സ്നേഹവും, കരുണയും നാം തിരിച്ചറിയണം. അവ ദൈവവചനത്തിൽ വളരാൻ അനുവദിക്കണം. അപ്പോൾ വീഴ്ചകളിൽ തളരാതെ, തകരാതെ ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ച് മുന്നേറാൻ കഴിയും. അങ്ങനെ ക്രിസ്തുവിന്റെ കർഷകമനസ്സ് നമുക്കും സ്വന്തമാക്കാം.